പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2766 **28-10-2026-ൽ മറുപടിയ്ക്ക്**

പുനലൂർ ജിക അസിസ്റ്റഡ് വാട്ടർ സപ്ലൈ പ്രോജക്ടുമായി ബന്ധപ്പെട്ട ലഗൂൺ പുനരുദ്ധരിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പുനലൂർ നഗരസഭയിലുൾപ്പെട്ട തൊളിക്കോട് എന്ന സ്ഥലത്ത് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ ആറേക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ജിക അസിസ്റ്റഡ് വാട്ടർ സപ്ലൈ പ്രൊജക്ടുമായി ബന്ധപ്പെട്ട ലഗൂൺ വൃത്തിയാക്കി കാടുകൾ നീക്കം ചെയ്ത് നവീകരിച്ച് ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്.

നിവേദനം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി എംഡിയുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ലഗൂൺ വൃത്തിയാക്കുന്നതിനായി 52 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2027-28-ലെ സ്റ്റേറ്റ് പ്ലാൻ വാർഷിക പദ്ധതി നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ ബജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പരിസരവാസികൾക്കും പൊതുജനങ്ങൾക്കും ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ച് പരിസ്ഥിതി മലിനീകരണവും സാംക്രമികരോഗ ഭീഷണിയുമുയർത്തുന്ന ഈ ലഗൂൺ മാലിന്യവിമുക്തമാക്കി കാടുകൾ നീക്കി പുനരുദ്ധരിക്കുന്നതിന് ജലവിഭവ വകുപ്പ് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ